**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 829 09.08.2017-ൽ മറുപടിയ്ക്ക്

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ കീഴിലുള്ള സ്ഥിരം/കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) മൃഗസംരക്ഷണ- ക്ഷീര വികസന വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ പ്രവർത്തിക്കുന്ന സ്ഥിരം/കരാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾക്ക് കീഴിലുള്ള ഫാമുകളിലെ സ്ഥിരം/കാഷ്വൽ തൊഴിലാളികൾക്ക് സ.ഉ(അച്ചടി) നമ്പർ.8/2017/കൃഷി തീയതി 17.05.2017 പ്രകാരം ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രാബല്യ തീയതി 01.07.2014 മുതലാണ്. ശമ്പള പരിഷ്കരണത്തോടൊപ്പം, വിവിധ അലവൻസുകളും, വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ഈ ശമ്പള പരിഷ്കരണത്തിലൂടെ ജീവനക്കാർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) മൃഗസംരക്ഷണ വകുപ്പിന്റെ 23 ഫാമുകളിലായി 153 സ്ഥിരം തൊഴിലാളികളും, 356 കാഷ്വൽ തൊഴിലാളികളും പണിയെടുക്കുന്നുണ്ട്. പ്രതിവർഷം ശമ്പള പരിഷ്കരണം മൂലം ഏകദേശം 1 കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്. ഫാമുകളിൽ ശമ്പള കുടിശ്ശിക കണക്കാക്കി വരുന്നു.<br>ക്ഷീരവികസന വകുപ്പിൽ ശമ്പള പരിഷ്കരണം മൂലം ഉണ്ടാകുന്ന അധിക ബാദ്ധ്യത കണക്കാക്കിയിട്ടില്ല. |
| (സി) ഇതിന് മുമ്പ് ഏത് വർഷമാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയതെന്ന് അറിയിക്കുമോ? | സി) മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളിൽ 27.06.2012-ൽ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ(പി) 156/2012/കൃഷി പ്രകാരം ആണ് ഇതിന് മുമ്പ് ശമ്പള പരിഷ്കരണം അനുവദിച്ചത്. |

സെക്ഷൻ ഓഫീസർ